LIBRARY ARCHIVES Kerala Legislative Assembly

സാന്നിദ്ധ്യം പ്രകടമാണ്. ആവശ്യക്കാരന് ഭക്ഷണവും മരുന്നും എത്തിക്കുന്നതിനും അവശ്യഘട്ടങ്ങളിൽ ജനങ്ങൾക്ക് തുണയാകുന്നതിനും സജീവമായിതന്നെ പോലീസിന് നിലകൊള്ളാനായി. ഒരു ജനകീയ സേനാ സംവിധാനമെന്ന നിലയിൽ പോലീസ് മാറിയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. ആ നേട്ടം തുടർന്നും മുന്നോട്ടു കൊണ്ടുപോകുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വീഴ്ചകൾ ഉണ്ടാകുന്ന ഘട്ടത്തിൽ അവ തിരുത്താനും പോലീസ് തയ്യാറായിട്ടുണ്ട്.

(ബി) അഞ്ചുതെങ്ങ് കൊച്ചുമേത്തൻ കടവിൽ മീൻ വിൽപ്പന നടത്തിയിരുന്ന മേരി എന്ന വയോധികയുടെ പതിനായിരത്തോളം രൂപ വിലവരുന്ന മത്സ്യം പാരിപ്പള്ളി പൊലീസ് അഴുക്കുചാലിലേക്ക് വലിച്ചെറിഞ്ഞ സംഭവത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

പോലീസ് റിപ്പോർട്ട് പ്രകാരം പാരിപ്പള്ളി പോലീസിന്റെ ഭാഗത്തു നിന്നും ഇത്തരം സംഭവം ഉണ്ടായിട്ടില്ല. ആയതിനാൽ മറ്റ് നിയമ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി) ലോക്ഡൗൺമൂലം ജനങ്ങൾ സാമ്പത്തിക പരാധീനത അനുഭവിക്കുമ്പോൾ പാവപ്പെട്ട ജനങ്ങളുടെ മുകളിൽ പിഴ ചുമത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

കോവിഡ് പ്രോട്ടോക്കോൾ പാലിക്കാത്തവർക്കെതിരെയും ലോക്ഡൗൺ സംബന്ധിച്ച ഉത്തരവുകൾ ലംഘിച്ചവർക്കെതിരെയും പോലീസ് നിയമാനുസരണമുള്ള പിഴ മാത്രമേ ചുമത്തിയിട്ടുള്ളൂ.

ബാലരാമപുരം-കാട്ടാക്കട റോഡിലെ അനധികൃത പാർക്കിംഗ്

120 (4845) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരം-കാട്ടാക്കട റോഡിൽ, സിമന്റ് കയറ്റിവരുന്ന വലിയ ടോറസ് ലോറികൾ ഊരുട്ടമ്പലം ജംഗ്ഷനിൽ അനധികൃതമായി പാർക്ക് ചെയ്യുന്നതുമൂലം കാൽനട യാത്രക്കാർക്കും വാഹന യാത്രികർക്കും വലിയ തോതിൽ ബുദ്ധിമുട്ടുകളുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത ലോറികൾ ബന്ധപ്പെട്ട സ്വകാര്യ വ്യക്തിയുടെ സിമന്റ് ഗോഡൗണിന് സമീപത്തുള്ള പാർക്കിംഗ് യാർഡിൽ പാർക്ക് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.